"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കോട്ടയം അയർകുന്നം പോലീസ് സ്റ്റേഷനിലെ CPO K 7798 ശ്രീ.അജ്ഞു വി.തോമസ് മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1805/2026/HOME തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:- 1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്

2. സംസ്ഥാന പോലീസ് മേധാവിയുടെ 02/12/2025, 03/01/2026 തീയതികളിലെ ഇ5-237870/2025/PHQ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോട്ടയം അയർകുന്നം പോലീസ് സ്റ്റേഷനിലെ CPO K 7798 ശ്രീ.അജ്ഞു വി.തോമസ് (PEN 628690) ഡ്യൂട്ടിക്കായി സ്റ്റേഷനിലേക്ക് വരുന്ന വഴിക്ക് വാഹനാപകടമുണ്ടായി ചികിത്സയിലായിരുന്ന 26/08/2025 തീയതി മുതൽ 04/11/2025 വരെയുള്ള 71 ദിവസത്തെ കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അജ്ഞു വി.തോമസ് മെഡിക്കൽ അവധിക്ക് ശേഷം 05/11//2025-ൽ തിരികെ ജോലിയിൽ പ്രവേശി ച്ചിട്ടുണ്ടെന്നത് സമർപ്പിക്കപ്പെട്ട ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. കൂടാതെ ടിയാന് സംഭവിച്ച അപകടം ഡ്യൂട്ടിക്കിടയിലാണെന്ന് കോട്ടയം ജില്ലാ പോലീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ കോട്ടയം അയർകുന്നം പോലീസ് സ്റ്റേഷനിലെ CPO K 7798 ശ്രീ.അജ്ഞു വി.തോമസിന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 26/08/2025 തീയതി മുതൽ 04/11/2025 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.അജ്ഞു വി.തോമസ്, CPO K 7798 (സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 28-05-2026 09:04:11
സെക്ഷൻ ഓഫീസർ